

# നളന്ദാക്ഷരങ്ങൾ

ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാസിക

**ഗവ: നളന്ദ ഹയർ സെക്കന്ററി സ്ക്കൂൾ  കിഴുപ്പിള്ളിക്കര**

# മുഖമൊഴി



**പ്രിയമുള്ളവരേ**

**കിഴുപ്പിള്ളിക്കര ഗവ: നളന്ദ ഹയർ സെക്കണ്ടറി സ്കൂളിലെ**
**ലിറ്റിൽ കൈറ്റ് പ്രവർത്തകരുടെ എളിയ സ്വപ്നസാക്ഷാൽക്കാരമാണ്**

**നളന്ദാക്ഷരങ്ങൾ എന്ന ഈ കുഞ്ഞു ഡിജിറ്റൽ മാസിക .**

**എഴുതിയത് സ്കൂളിലെ കൊച്ചു മിടുക്കൻമാരും മിടുക്കികളുമാണ്.**

**പോരായ്മകൾ ധാരാളമുണ്ടാകാം .**

**വിലയേറിയ നിർദ്ദേശങ്ങൾ തരണം.**

**മുഴുവനും വായിക്കണം.**

**സ്നേഹത്തോടെ**

**പത്രാധിപ സമിതി.**

**ഈ ലക്കത്തിലെ കുട്ടിപത്രാധിപർ**

**ആര്യശ്രീ എൻ.എസ്**

**ശ്രീലക്ഷ്മി പി.എസ്**

**റിമ്മി മോൾ പി.ആർ**

**ശരണ്യ സി.എസ്**

**അഞ്ജലികൃഷ്ണ പി . ജി**

**നിഹാൽ കെ. ഐ**

**സ്റ്റാഫ് എഡിറ്റർമാർ**

**ഡോ: ശിവലാൽ കെ.ജി**

**മിനി പി.കെ.**

# ഉള്ളടക്കം


മഴവില്ല് കാണുമ്പോൾ
കഥ
അഫ്നാൻ വി എ

സായന്തനത്തിൽ പൂക്കുന്ന പൂവ്
കവിത
ആദിത്യ കെ.ആർ

RAIN IS BEAUTIFUL ! BUT...
Essay
BHUVANESWARI. A

വേനലിലെ മഴ
കഥ
ശ്രേയാലക്ഷ്മി കെ.എസ്

പൂക്കാലം
കവിത
റിസ്വാന വി.എസ്

A HOUSE FOR MY FRIEND
Story
FATHIMA P. S

അമ്മ
കഥ
അഖിൽ ജോഷി

RAIN – BOON OR BANE
Essay
FATHIMATH IBNA

അഴികൾക്കുള്ളിൽ
കഥ
സീതാലക്ഷ്മി എൻ .ജെ

# മഴവില്ല് കാണുമ്പോൾ

കഥ

**അഫ് നാൻ വി എ**

VII എ



മീന ഒന്നും മിണ്ടാതിരുന്നു .ഭർത്താവ് വന്നതല്ലേ എന്നു കരുതിയാവണം. വന്നു കയറിയപ്പോൾ അച്ഛാ എന്നു വിളിച്ച് ഓടിച്ചെന്ന മൂത്ത മകളെ തൊഴിച്ച് അകത്തേക്ക് കയറിയ ഭർത്താവിന്റെ മുഖം അവൾ ഓർത്തു. കാലത്ത് വീട്ടിൽ നിന്ന് പോയപ്പോൾ എത്ര സൗമ്യമായിരുന്നു മുഖം. ഇപ്പോൾ മൂക്കറ്റം മദ്യപിച്ച് കയറി വന്നിരിക്കുന്നു! അവൾക്ക് കുട്ടികളോട്മിണ്ടാൻ പോലും ഭയമായിരുന്നു. ആകെ വിഷമകരമായ അവസ്ഥ.ഒരു വീർപ്പുമുട്ടൽ. കുട്ടികൾ പൊരുത്തപ്പെട്ടു തുടങ്ങി.അവർ മിണ്ടാതിരിക്കുന്നുണ്ട്. പക്ഷേ എന്തോ തനിക്ക് പൊരുത്തപ്പെടാൻ കഴിയുന്നില്ല. അവൾ പണ്ടത്തെ കാലം ഓർത്തു. അച്ഛനും അമ്മയും വലിയ ഉദ്യോഗസ്ഥൻമാർ. മകളോട് സംസാരിക്കാൻ പോലും സമയമില്ലാത്ത അവസ്ഥ. ഫ്ലാറ്റിലാണ് താമസം .കൂട്ടുള്ളത് ആകെ ഒരു വീട്ടുവേലക്കാരൻ. അയാൾ പലപ്പോഴും തന്നെ മാനസികമായി ഉപദ്രവിക്കാറുള്ളത് അവൾ ഓർത്തു. പിന്നെ അവൾക്ക് കൂട്ടുള്ളത് പാപ്പിയെന്ന പട്ടിയാണ്. പുറത്തേക്കുപോകാൻ അവസരം കിട്ടുന്നത് വല്ലപ്പോഴുമാണ്. അത് അവളുടെ സ്വർഗ്ഗീയ നിമിഷമാണ്.അമ്മയും അച്ഛനും വലിയ മീറ്റിങ്ങുകൾക്കും മറ്റും വളരെ ദൂരേക്ക് പോകുമ്പോൾ ആണത്. വലിയ വില കൂടിയ എല്ലാത്തരം സൗകര്യങ്ങളുമുള്ള വണ്ടിയിലാണ് കൊണ്ടു പോവുക. എങ്കിലും ഇടക്ക് വീണു കിട്ടുന്ന പലതരം കാഴ്ച്ചകൾ അവൾ നഷ്ടപ്പെടുത്താറില്ല. എല്ലാം ഓർത്ത് വെറുതെ അവൾ കരഞ്ഞു. അമ്മയ്ക്ക് മകളെ മറ്റ് വല്ലവരും കണ്ട് മോഹിച്ചാലോ എന്നാണ് പേടി. അച്ഛന് മകളുടെ സൗന്ദര്യം നഷ്ടപ്പെട്ടാലോ എന്ന പേടി .അത് അയാൾക്ക് മാനക്കേടാണ്.ഇതിനാലാണ് അവൾ ആരും കാണാതെയും വെയില് കൊള്ളാതെയും മറ്റും യാത്ര ചെയ്യുന്നത് .ഒരു ദിവസം അവൾക്ക് വിവാഹ ആലോചന വന്നു. ഉയർന്ന ഉദ്യോഗസ്ഥന്റെ മകനുമായുള്ള വിവാഹമാണ്. ചെക്കനെ അവൾക്ക് ഇഷ്ടമായി.നല്ല വെളുത്ത പണക്കാരനുമായ ആൾ. ഒരു ദിവസംമണിയറയിൽ കിടക്കുമ്പോൾ ഭർത്താവ്

അവളോട് ചോദിച്ചു.നിനക്ക് എന്താണ് ഇഷ്ടം? അവൾ പറഞ്ഞു "എനിക്ക് മഴവില്ല് കാണണം" ഭർത്താവിന് അത്ഭുതമായി. അയാൾ പറഞ്ഞു നീ എന്നെ കളിയാക്കുകയാണോ? കേട്ടാൽ തോന്നും നീ ചെറുപ്പത്തിൽ മഴവില്ല് കണ്ടിട്ടില്ലെന്ന് " അവൾക്ക് ഒന്നും മിണ്ടാൻ കഴിഞ്ഞില്ല. അവൾ തലയണയിൽ മുഖം പൊത്തി കരഞ്ഞു. അവൾക്ക് പറയണമെന്നുണ്ട് ചെറുപ്പത്തിൽ തന്നെ എന്റെ വല്യമ്മ മരിച്ചു പോയി. പിന്നെങ്ങനെ എനിക്ക് ഇത്തരം സ്നേഹം ലഭിക്കും. പക്ഷേ വിഷമം കൊണ്ട് അവൾക്ക് ഒന്നും പറയാൻ സാധിച്ചില്ല. ധാരാളം മാസങ്ങൾ കടന്നു പോയി അവൾക്ക് ഒരു മകളുണ്ടായി. ഒരു അരുമയായ മകൾ. അയാൾ വിദേശത്തേക്ക് യാത്രയായി.പിന്നീട് അവർക്ക് രണ്ട് ആൺകുഞ്ഞുങ്ങൾ കൂടി പിറന്നു.അവൾ എല്ലാം ആലോചിച്ചിരുന്നു. ഇപ്പോൾ ഭർത്താവ് വിദേശത്തു നിന്ന് തിരിച്ചു വന്നിരിക്കുന്നു. പക്ഷേ മുഴുക്കുടിയനായിരിക്കുന്നു.! മീനാ എന്താ ഇവിടെ എന്ന ഭർത്താവിന്റെ ചോദ്യമാണ് അവളെ ചിന്തയിൽ നിന്ന് ഉണർത്തിയത്. ഇപ്പോൾ അയാൾ നോർമ്മലായി .അവൾ എഴുന്നേറ്റ് പോയി. കണ്ണുകൾ ചുവന്നു കലങ്ങിയിരുന്നു. അവൾക്ക് വലിയ സുഖമില്ലാത്തതുപോലെ തോന്നി. പിറ്റേന്ന് രാവിലെ എഴുന്നേറ്റ ഭർത്താവും മക്കളും കാണുന്നത് കണ്ണുകളിൽ പാടമൂടി കവിൾത്തടത്തിലൂടെ ഉപ്പു ചാലൊഴുകി തണുത്ത് വിറച്ച് കിടക്കുന്ന അവളുടെ ശരീരത്തെയാണ്.

അടുത്ത് ഒരു കുറിപ്പുണ്ടായിരുന്നു. എനിക്ക് എന്റെ ജീവിതത്തിന്റെ മഴവില്ല് ഒരിക്കലെങ്കിലും കാണാൻ കഴിഞ്ഞിരുന്നെങ്കിൽ!


നളന്ദാക്ഷരങ്ങളിലേക്ക്
സാഹിത്യ കൃതികൾ ക്ഷണിക്കുന്നു.

നമ്മുടെ ഈ കുഞ്ഞുമാസികയിലേക്ക് കിഴപ്പിള്ളിക്കര
ഗവ. നളന്ദ ഹയർ സെക്കൻററി സ്കൂളിലെ വിദ്യാർഥികളിൽ
നിന്ന് സാഹിത്യസൃഷ്ടികൾ ക്ഷണിക്കുന്നു.
നിങ്ങളുടെ സൃഷ്ടികൾ ലിറ്റിൽ കൈറ്റ് പ്രവർത്തകരെ ഏൽപ്പിക്കുക.
രക്ഷിതാക്കളുടെ സഹായത്തോടെ
താഴെ പറയുന്ന വാട്സ് അപ്പ് നമ്പറിലോ ഇ മെയിൽ ഐ ഡി യിലോ
മലയാളത്തിൽ എഴുതി അയച്ചുതരുന്നത് കൂടുതൽ ഉപകാരപ്രദം
വാട്സ് അപ്പ് നമ്പർ .9544691149
ഇ മെയിൽ.sivalalkg@gmail.com

# സായന്തനത്തിൽ പൂക്കുന്ന പൂവ്

കവിത

**ആദിത്യ കെ.ആർ**
IX B



തീഗോളമായി നീ കടൽത്തട്ടിനടിയിൽ പായുന്നേരം
നിന്നെ ആശംസകളോടെ ഞാൻ അയക്കും.
വനത്തിൽ പറക്കും കറുത്ത മന്ദാരങ്ങളെ
ജ്വലിക്കുന്ന ആദിത്യനെ
നന്മ തൻവെളിച്ചത്തെ
നാളെക്ക് ഞാൻ കാത്തിരിക്കുന്നു.
നീ മാഞ്ഞു പോകുമ്പോൾ നിൻമാറിൽ നിൽക്കും
ഋതു ശോഭയെ നിലാവായ് നൽകുന്നു നീ .
എരിഞ്ഞു തീരുന്ന ചെറുകൊള്ളിയായ് മാറുന്നു നീ .
തേജസ്സാം നിൻ മുഖം മായുന്നേരം ഓജസ്സാം നിൻ
മറ്റൊരു മുഖം ഞാൻ ഇരുട്ടിൽ കാണുന്നു.
ചുവന്ന കസവണിഞ്ഞ സുന്ദരിയെ പ്പോലെ
നീ കടലിനു മുഖാമുഖം നിൽക്കുന്ന ചെറുതോണി.
രാവിലെ കാണും നിൻ മുഖമോമൽ ഭംഗി
ചില നേരം കലിതുള്ളും കാളിയായ്മാറുന്നു നീ
നീ മെല്ലെ മായുന്ന നേരം
എന്നെ ഇരുളിലേക്ക് തള്ളിയിടുന്നു.
സായന്തനത്തിൽ പൂക്കുന്ന കുങ്കുമമാണല്ലോ നീ
സായന്തനത്തിൽ പൂക്കുന്ന പൂവല്ലയോ നീ

# RAIN IS BEAUTIFUL ! BUT...

Essay

**BHUVANESWARI. A**
IX B




Rain is beautiful,isn't it? There is no one who hate rain. Everyone loves rain. But sometimes people may hate it according to their mood. There are different seasons and rainy season is one of them. When it rains it's surely a different feeling. For some people rain is exciting, for some, rain is related to sadness and depression. The blackness fully covered the sky, the birds flying fast to their shelter, the fast lightening and the slow but heavy thunder makes a different feeling in all of us.

The beauty of each rain drop falling on the earth from the sky is very beautiful. Rain is a boon from god. There are many sources of water, which is formed due to rain. If there is no rain, the life will be tough.

But why people are afraid of rain. Heavy and uninterrupted rain always brings fear in the minds of living beings . Heavy rain causes flood, water pollution and lots of disaster. But that’s not just because of rain , it is because of the cruelty done by the human beings to nature and earth . We the humans block the way of rivers by diverting their path for our own selfishness. There is no way for the earth to react towards all these bad activities. So try not to do harm to the water bodies and nature, and then enjoy the beauty of rain for ever.

# വേനലിലെ മഴ

കഥ

**ശ്രേയാലക്ഷ്മി കെ.എസ്**
VII എ




ഒരു കാട്ടിൽ കുറേ മൃഗങ്ങൾ താമസിച്ചിരുന്നു. ആ കാലം വേനൽക്കാലമായിരുന്നു. നദികളിലെ വെള്ളമെല്ലാം വറ്റിയിരുന്നു. കാട് ഉണങ്ങി വരണ്ടു..മൃഗങ്ങൾ ഭക്ഷണം കിട്ടാതെ വലഞ്ഞു .കുടിക്കാൻ ഒരു തുള്ളി വെള്ളം പോലും ഇല്ലാതായി .മൃഗങ്ങൾ വെള്ളം കിട്ടാതെ ചത്തു തുടങ്ങിയിരുന്നു. ഈ പ്രതിസന്ധിയെ മറികടക്കാൻ സിംഹം ഒരു യോഗം വിളിച്ചുകൂട്ടി. സിംഹം പറഞ്ഞു .വെള്ളം ലഭിച്ചിരുന്ന കാലത്ത് നമ്മൾ ജലം പാഴാക്കി. അതുകൊണ്ടാണ് നമുക്ക് ഇപ്പോൾ ഒരു തുള്ളി വെള്ളം പോലും ലഭിക്കാത്തത്.ഈ പ്രസ്താവനയെ മറ്റുള്ളവരും പിൻതാങ്ങി. എല്ലാവരും സമൃദ്ധമായി ജലം ലഭിച്ചിരുന്ന കാലം ഓർത്തു പോയി.ദിവസങ്ങൾ കഴിയുംതോറും മൃഗങ്ങളുടെ എണ്ണം കുറഞ്ഞു തുടങ്ങി. എല്ലാവരും ആശങ്കയിലായി.അവർ ആ കാട്ടുവിട്ട് പോകാൻ തയ്യാറായി.അവർ പോകാൻ നിൽക്കുന്ന സമയത്ത് മഴക്കാർ വന്നു. മഴ പെയ്യാൻ തുടങ്ങി.അവർക്ക് സന്തോഷമായി.അവർ കൈകോർത്തു പിടിച്ച് നൃത്തം ചവിട്ടി .അവർ പിന്നീട് ഒരു സത്യം ചെയ്തു. ഇനി ഒരു തുള്ളി ജലം പോലും പാഴാക്കില്ല.

പക്ഷേ എന്റെ സംശയം ഇതാണ് .ഇത്രയും ബുദ്ധിയൊക്കെ നമ്മൾ മനുഷ്യർക്ക് എന്നാണ് ഉണ്ടാവുക!

# പൂക്കാലം

കവിത

**റിസ്വാന വി.എസ്**
VII ബി



ചെടികളേ പൂക്കു പൂക്കാലം വന്നു.
പൂമണം വീശുപൂമ്പൊടി വിതറൂ
പൂന്തേൻ കുടിക്കുവാൻ പാറിയെത്തി
പൂമ്പാറ്റകളെല്ലാമേ പാറിയെത്തീ
വണ്ടുകൾ മൂളിക്കറങ്ങി വന്നു
പൂമ്പൊടി തിന്നുവാൻ മൂളി വന്നു
പൂവൊന്നു നുള്ളുവാൻ ഓടിയെത്തി
പിള്ളേർകൾ എല്ലാമേ ഓടിയെത്തി
പൂമ്പാറ്റകളെല്ലാമേ പാറിയെത്തി
വണ്ടുകൾ മൂളിക്കറങ്ങി വന്നു.
പൂ വില്ലൊരൊറ്റ പൂവില്ല താനും
പിള്ളേരതെല്ലാമേ കൊണ്ടുപോയി
പൂനുള്ളുവാനായി ഞാനുമെത്തി
പൂ വില്ലൊരൊറ്റ പൂവില്ല താനും
പൂക്കൾ കൊണ്ടെല്ലാം കളവുമിട്ടു.
പല നിറമുള്ള പൊന്നിൻ കളം
പൂക്കളം കാണവാൻ വന്നുട്ടു്ത്തു
മാവേലി തമ്പ്രാനും വന്നുട്ടു്ത്തു
എന്തു രസമുള്ള പൊന്നിൻ കളം
പല നിറമുള്ളോരു പൊന്നിൻ കളം
ചെടികളെ പൂക്കു പൂക്കാലം വന്നു.
പൂമണം വീശുപൂമ്പൊടി വിതറൂ

വീണ്ടും വരാനായി കാത്തിരിക്കാം

പൂക്കാലം വന്നിടാൻ കാത്തിരിക്കാം.
ഓണമതെല്ലാം കഴിഞ്ഞു പോയി
പൂക്കളതെല്ലാം കരിഞ്ഞു പോയി
പിന്നെയും ചെന്നല്ലോ ഞങ്ങളെല്ലാം
പൂക്കളതൊന്നുമേ ഇല്ല താനും
ഇനിയും വരുവാൻ കാത്തിരിക്കാം
ആവേശമാർന്നൊരു പൊൻപൂക്കാലം



# A HOUSE FOR MY FRIEND

Story

**FATHIMA P. S**

X B



It was a sunny day, calm and quiet. All were happy. But suddenly the sky darkened, wind blew fast and rain started .

For three days the rain did not stop. Fields and valleys were filled with water. Ponds and rivers overflowed. Many of my relatives , friends and many of us became the victims of flood . I heard the news that 58 people died because of landslide. For 2 weeks, I was in the middle of water, as if it was an Island.

After the flood, there were a great loss of money in our state. My best friend also faced a heavy loss due to the flood. I was very sad to her .The members of the helping club of our village including myself helped my friend in every way . She was so poor . All of our villagers helped her. My parents gave them shelter till their house was rebuilt. After two months the construction of the house was completed . When the key was handed over to them, they were so happy. All joined in their happiness.

# അമ്മ

കഥ

**അഖിൽ ജോഷി**
VI B



ഒരു ദിവസം അപ്പൂസ് ഒരു കാഴ്ച്ച കണ്ടു. അതി മനോഹരമായ കാഴ്ച്ചയിൽ അപ്പൂസ് ലയിച്ച് പോയി .ഒരു അമ്മക്കിളിയും കുഞ്ഞിക്കിളിയും. കുഞ്ഞിക്കിളി ഉറങ്ങുകയാണ്.അമ്മക്കിളിയാണെങ്കിൽ  കുഞ്ഞിനെ കാത്ത് പരിപാലിക്കുന്നു.
അന്നു രാത്രി അവൻ ഒരു സ്വപ്നം കണ്ടു. ഒരു കുട്ടി. അവൻ കടയിൽ പോയതാണ്. ഇതു വരെയായും വന്നില്ല. അവന്റെ അമ്മ അവനെ കാത്തിരിക്കുകയാണ്. നേരം രാത്രിയായി ഇതുവരെയായും അവൻ വന്നില്ല. ഡാ അപ്പൂസേ ഏഴുന്നേറ്റേഡാ എന്ന് അമ്മ വിളിച്ചപ്പോൾ ആണ് താൻ കണ്ടത് സ്വപ്നമാണെന്ന് അപ്പൂസിന് മനസ്സിലായത്. അപ്പൂസ് ചാടി എഴുന്നേറ്റു. രാത്രിയാവാൻ അവന് തിടുക്കമായി.കാരണം താൻ കണ്ട സ്വപ്നത്തിന്റെ ബാക്കി ഭാഗം കൂടി കാണാൻ ആണ്. രാത്രിയായി അപ്പൂസ് കിടന്നുറങ്ങി.അതാ അവൻ വീണ്ടും സ്വപ്നം കാണാനിടയായി. മോനേ കാണാത്ത വിഷമത്തിൽ അമ്മ വിഷമിക്കുകയാണ്.അമ്മ അവനെ ചുറ്റുപാടും തിരക്കി. അവനെ കണ്ടില്ല. അവസാനം അവൻ അമ്മയുടെ അടുത്തേക്ക് വന്നു.അമ്മ അവനെ വാരി പുണർന്നു.അമ്മക്ക് സന്തോഷമായി .അമ്മ അവന് നല്ല ഭക്ഷണവും വസ്ത്രവുമൊക്കെ കൊടുത്തു.എന്നിട്ട് അമ്മ  ചോദിച്ചു. മോനെ നീ എവിടെയായിരുന്നു. അവൻ പറഞ്ഞു; കുറേ ആൾക്കാർ എന്നെ ഓടിച്ചു. ഞാൻ ഒരു കാട്ടിലേക്ക് ഓടി. അവർ എന്നെ കണ്ടില്ല എന്ന സമാധാനത്തോടെ ഞാൻ നടന്നു.അപ്പോഴാണ് ഞാൻ അത് ചിന്തിച്ചത്. ഞാൻ കാട്ടിലാണല്ലോ എന്ന്. ഞാൻ പേടിച്ചു.അങ്ങനെ രാത്രിയായി. ഞാൻ ഒരു ഗുഹയിൽ കിടന്നുറങ്ങി. രാവിലെയായപ്പോൾ ഒരു ചേട്ടൻ എന്നെ കണ്ടു. "മോനേ നി എങ്ങിനെയാ ഇവിടെ വന്നേ? നിന്റെ വീട് എവിടെയാ? എനിക്കറിയില്ല എന്ന് ഞാൻ പറഞ്ഞു. ഞാൻ കാട്ടിൽ നിന്ന് നാട്ടിലേക്ക് നിന്നെ കൊണ്ട് പോകാം .ശരിയെന്ന് ഞാൻ പറഞ്ഞു. അങ്ങനെ എന്നെ ആ ചേട്ടൻ നാട്ടിലേക്ക് കൊണ്ടാക്കി. പിന്നെ എനിക്ക് വീട്ടിലേക്കുള്ള വഴി അറിയാമായിരുന്നു. ഞാൻ നമ്മുടെ വീട്ടിലേക്ക് നടന്നു വന്നു! അങ്ങനെയാണ് ഞാൻ ഇവിടെ എത്തിയത്. "നേരം വെളുത്തു. എണീക്കടാ! "അമ്മ അപ്പൂസിനോട് വിളിച്ചു പറഞ്ഞു. അപ്പൂസ്

ഉണർന്നു. അവന് സന്തോഷമായി. അവൻ സ്വപ്നത്തിലെ അമ്മയെക്കുറിച്ച് ആലോചിച്ചു. എന്തു സ്നേഹമാണ് നമ്മുടെ അമ്മമാർക്ക്! അവൻ അങ്ങനെ ചിന്തിച്ചു കൊണ്ട് കിടക്കയിൽ നിന്ന് എഴുന്നേറ്റു.



# RAIN – BOON OR BANE

Essay

**FATHIMATH IBNA**
X B



Rain is a gift of god . Without rain the world is nothing . Rain make the world fresh . It makes the world so shiny and beautiful . Without rain, there's no life. Rain is must for the world . But over raining will destroy our world too . Because of man's action , the rain brings disaster.

Many lives are lost by the rain . Many houses, buildings , shops and shelters were destroyed . Through the heavy rain much more things and money were lost . And after the flood, the government provides so many things .Teachers and students also take more efforts for the flood victims by giving things, clothes and money etc..... By the flood many peoples gained unity; without giving importance to one caste or creed. They all gave equal importance to all the people . The God give rain for better blessings . There are many other countries with no water , no shelter . But they always think of God . We have to think about such people too .

The god gifted us flood and from that the people realized the value of unity .But they also cause disasters . Rain is important for us . But because of over rain ,many lives were lost . And because of our strengthened unity we overcame flood . And at last the people came to know that without unity, belief and love the country can't go forward .

We should not forget this disaster and be united to face anything. Be united , and Love every one .

# അഴികൾക്കുള്ളിൽ

കഥ

**സീതാലക്ഷ്മി എൻ .ജെ**
VIII ബി



പാതിരാത്രിയാണ് പെരുമഴ വന്നത് .ഇടിവെട്ടും മിന്നലും കൂടെ വന്നു. ആ അമ്മയുടെയും മകളുടെയും കുടിൽ ആകെ ചോരുന്നുണ്ടായിരുന്നു.ഒരു നല്ല അടച്ചുറപ്പുള്ള വാതിൽ പോലും ആ വീടിനുണ്ടായിരുന്നില്ല. അച്ഛനില്ലാത്ത അനുമോളെ പോറ്റാൻ സുഭദ്ര എന്ന അമ്മ ആവുംവിധം ശ്രമിച്ചു.അനുവിന് കുറച്ച് ദിവസം മുമ്പ് തുടങ്ങിയ ശ്വാസതടസ്സവും പനിയും ആ രാത്രി പിന്നെയും കൂടി .എന്തു ചെയ്യണമെന്നറിയാതെ ആ അമ്മ വല്ലാതെ വിഷമിച്ചു.ആശുപത്രി അങ്ങ് ദൂരെയാണ്.ഒരു വണ്ടി തേടി ആ അമ്മ റോഡിലിറങ്ങി നിന്നു. മഴയത്ത് നനഞ്ഞ് കുളിക്കുകയല്ലാതെ ഒരു ഗുണവുമുണ്ടാവില്ലെന്ന് വിചാരിച്ചെങ്കിലും ആ സമയത്ത് രക്ഷകനെ പോലെ ഒരാൾ കടന്നു വന്നു.രമേഷ് എന്നായിരുന്നു അയാളുടെ പേര്. അയാൾ തന്റെ പരിചയത്തിലുള്ള ഒരു വണ്ടി വിളിച്ച് അനുവിനെ ഹോസ്പിറ്റലിലെത്തിച്ചു.ഡോക്ടർ പറഞ്ഞത് ഇപ്പോഴെങ്കിലും കൊണ്ടുവന്നത് നന്നായി അല്ലെങ്കിൽ മകളെ തിരിച്ചു കിട്ടില്ല എന്നായിരുന്നു.അത് കേട്ടപ്പോൾ അമ്മക്ക് രമേഷിനോട് വളരെ കടപ്പാടുണ്ടായി.തുടർന്നുള്ള ദിവസങ്ങളിൽ സുഭദ്രയുടെയും അനുവിന്റെയും എല്ലാ പ്രീതിയും പിടിച്ചുപറ്റി വിശ്വസ്തനായിമാറി രമേഷ്. അനു ഒരച്ഛന്റെ സ്ഥാനം അയാൾക്ക് കൊടുത്തു.

ഒരു ദിവസം സുഭദ്ര പാറമടയിൽ പണിക്കുപോയ ദിവസം അനുവീട്ടിലൊറ്റക്കായിരുന്നു. ആ തക്കം നോക്കി രമേഷ് സുഭദ്രയുടെ കുടിലിലെത്തി.അനു അടുക്കളയിൽ ഒറ്റക്കായിരുന്നു. കുടിലിന്റെ ചെറിയ വാതിൽ അടച്ച് പൂട്ടി അയാൾ അടുക്കളയിലെത്തി. അനുതിരിഞ്ഞു നോക്കിയപ്പോൾ രമേഷിനെ കണ്ട് ഞെട്ടി. എന്താ വന്നതെന്ന് അനു തിരക്കിയപ്പോൾ രമേഷ്

ഒന്നും മിണ്ടിയില്ല. അനുവിനെ അയാൾ മൽപ്പിടുത്തത്തിലൂടെ കീഴടക്കി. അവളുടെ നിലവിളി കേട്ട് ആരും കുടിലിലെത്തിയില്ല. ആ പതിനാലു വയസ്സുകാരി ക്രൂര പീഡനത്തിന് ഇരയായി പിടഞ്ഞു മരിച്ചു.

ഉച്ചയൂണ് കൊണ്ടു പോയിരുന്നുവെങ്കിലും ക്ഷീണം തോന്നിയത് കൊണ്ട് വീട്ടിലെത്തിയ അമ്മക്ക് അവിടെ കണ്ട കാഴ്ച സഹിക്കാൻ കഴിഞ്ഞില്ല. പൊലീസ് അന്വേഷണം മുറയ്ക്ക നടന്നു. അവസാനം കുറ്റവാളിയെ സകല തെളിവുകളോടും കൂടി പൊലീസ് പിടികൂടി.വിലങ്ങുകളണിയിച്ച് കൊണ്ടുവന്ന അവനെ അമ്മ കാത്തിരിക്കുകയായിരുന്നു. ഏറെ നാളായി അവൾ അരയിൽ സൂക്ഷിച്ചു കൊണ്ടു നടന്ന കത്തികൊണ്ട് സുഭദ്ര അയാളെ ഓടിയെത്തികുത്തി. പലവട്ടം. പൊലീസിന് അവളെ തടയാനായില്ല. ദേഷ്യം തീരുന്നതുവരെ അവൾകുത്തിക്കൊണ്ടിരുന്നു. തന്റെ മകളെ കൊന്നവന്റെ അന്ത്യത്തിൽ സന്തോഷിച്ച് അമ്മ ജയിലിൽ പോയി. വിചാരണക്കൊടുവിൽ അഞ്ചു വർഷത്തെ തടവിനു വിധിക്കപ്പെട്ടു. ജയിലിലെ അഴികൾക്കുള്ളിൽ തന്റെ പ്രിയപ്പെട്ട മകളെ ഓർമ്മിച്ച് അമ്മ ഉറങ്ങാതെ കാത്തിരുന്നു.

# നമ്മുടെ വിദ്യാലയം
# ക്യാമറക്കണ്ണിലൂടെ



പുത്തൻ പുരക്കൽ ഇക്കണ്ടൻ രാമൻ സ്മാരകമന്ദിരം
സ്കൂളിലെ ആദ്യകെട്ടിടം



എപ്പോഴുംവരുന്നകൂട്ടുകാരെയും വല്ലപ്പോഴുംവരുന്ന ബസ്സിനെയും
കാത്തിരിക്കുന്ന വെയ്റ്റിങ്ങ്ഷെഡ്






ചില പുറംകാഴ്ചകൾ: സ്കൂൾ ലൈബ്രറിയും കമ്പ്യൂട്ടർ ലാബും
കെ ഈശൻ സ്മാരകമന്ദിരം



ജീവന്റെ കുളിരിനെ ഉള്ളിൽ പേറുന്ന വിദ്യാലയമുറ്റത്തേക്ക് സ്വാഗതം





**തലമുറകളുടെ കളിചിരികൾ കണ്ട മുത്തശ്ശിമാവ്**



**മൾട്ടിമീഡിയ ഹാൾ &എഡ്യൂസാറ്റ് കെട്ടിടം**




**ശ്രീ വി. ശ്രീധരൻ മാസ്റ്റർ സ്മാരകമന്ദിരം**



**ഹയർസെക്കണ്ടറി വിഭാഗം**







**പഴമയുടെ അടയാളങ്ങൾ ഇനിയും ഇവിടെ ബാക്കിയുണ്ട്**



**സ്കൂളുവിട്ടാൽ ഒറ്റയ്ക്കാവുന്ന വേട്ടേക്കരനും കാവും**



**മഴക്കാലം കഴിഞ്ഞ് ജനുവരിയിലുണരുന്ന കളിസ്ഥലം**



പഠനം കഴിഞ്ഞ് പുറത്തിറങ്ങുന്നവരുടെ സങ്കടം  കാതോർത്തുനിൽക്കുന്ന പിന്നിലെ ഗേറ്റും വഴിയും